HON'BLE MR. K. R. ELANKATH : ഞാൻ പറഞ്ഞതു് ഗവണ്മെൻറു് ബസ്സുകളിൽ അങ്ങനെയുള്ളവരെ എടുക്കുകയില്ലെന്നാണു്.

MR. P. S. NATARAJA PILLAI: May I know whether the Government contemplate the extending of State Transport Service to the route under question before elimiuating overloading in the monopoly routes?

HON'BLE MR. K. R. ELANKATH ഗവണ്മെൻറു് ട്രാൻസ്പോർട്ടു് ബസ്സുകളിൽ മിക്കവാറും 50 പേക്കു് ഇരിക്കുന്നതിനും 75 പേക്കു് നില്ക്കുന്നതിനുമുള്ള സൗകര്യമാണുള്ളതു്. എന്നാൽ കൂടുതൽ ബസ്സു് ഉപയോഗിക്കുന്ന അവസരത്തിൽ സീറിംഗ് കപ്പാസിറ്റിക്കുള്ള ആളുകളെ മാത്രമേ കയറ്റുകയുള്ളു. തൻമൂലം ഓവർലോഡു് ഇല്ലാതാകുന്നതാണു്.

MR. P. S. NATARAJA PILLAI: My position was only this. My question was whether the Government contemplate the extending of State Transport Service to the route under question before eliminating overloading in the monopoly routes. I am not concerned with the revolution in the department.

HON'BLE MR. K. R. ELANKATH : ഓവർലോഡിംഗ് തീരെ നിറുത്തിയതിനു ശേഷമേ മറ്റു ലയിനുകളിൽ ട്രാൻസ്പോർട്ടുസർവ്വീസു് പുതുതായി തുടങ്ങുകയുള്ളു എന്നു തീർത്തു പറയാൻ നിവൃത്തിയില്ല. യാത്രക്കാരുടെ ആവശ്യവും ബസ്സുകളുടെ കുറവും മറ്റും ഇക്കാര്യത്തിൽ പരിഗണിക്കപ്പെടേണ്ടതായുണ്ടു്.

Male and female Staff Nurses.

*50. MR. EAPEN ARAKKAL: Will the Hon'ble Minister for Medical be pleased to state:

(*a*) what is the qualification insisted on by the Government for the male and female staff nurses and nurses working in the Government Hospitals;

(*b*) is there any restriction placed on the female nurses from entering on matrimonial relations;

(*c*) if so, what is the period for which they are prohibited;

(*d*) what is the ground for placing such a restriction on these female nurses; and

(*e*) is there any restriction imposed on male nurses?

HON'BLE MR. E. K. MADHAVAN: (*a*) There are only female staff nurses. Qualifications required for appointment as staff nurses and nurses (both male and female) are E. S. L. C. and 4 years' training in the Nursing Class, conducted by the Medical Department.

(*b*) Yes.

(*c*) During the period of training and the compulsory period of service (5 years) after training.

(*d*) To secure the maximum efficiency of their services by freeing them from encumbrances.

(*e*) No.

LIBRARY ARCHIVES Kerala Legislative Assembly

MR. EAPEN ARAKKAL: ആണുങ്ങൾക്ക് കല്യാണം കഴിക്കാമെന്നും സ്ത്രീ നേഴ്സുകൾക്ക് കല്യാണം കഴിക്കാൻ പാടില്ലെന്നും ഉള്ള നിബന്ധന എന്തിനാണാ വച്ചിരിക്കുന്നത്?

HON'BLE MR. E. K. MADHAVAN : ആണുങ്ങൾ കല്യാണം കഴിച്ചാൽ അവർ ഗർഭം ധരിക്കാറില്ല. സ്ത്രീകൾ കല്യാണം കഴിക്കുകയാണെങ്കിൽ ഗർഭമുണ്ടാകുക സാധാരണമായതുകൊണ്ടാണ്.

MISS ANNIE MASCARENE : അങ്ങനെ ആണെങ്കിൽ മെറേർനിറി ലീവോ മറേറാ കൊടുത്ത് അവരെ അയയ്ക്കാമല്ലോ?

HON'BLE MR. E. K. MADHAVAN : സ്ത്രീകൾ ഗർഭമായി രണ്ടുമൂന്നു മാസം കഴിയുമ്പോൾ മോർണിങ്ങ് സിക്നസ് മുതലായ സുഖക്കേടുകൾ ഉണ്ടാകാറുള്ളതുകൊണ്ട് അവർക്ക് മെറേർനിറി ലീവു അനുവദിക്കുകയാണെങ്കിൽ മിക്കവാറും എല്ലാ ആണ്ടിലും ഏട്ടുപത്തു മാസംവീതം ലീവു കൊടുക്കേണ്ടിവരും. അതു് കാര്യനടത്തിപ്പിനു സഹായകരം ആയിരിക്കുകയില്ല.

MRS DEVAKI GOPIDAS (*Kottaynm I—General*) : എല്ലാ സ്ത്രീകൾക്കും മോർണിങ്ങ് സിക്നസ് മുതലായ സുഖക്കേടുണ്ടാകാറില്ലെന്നറിയാമോ?

HON'BLE MR. E. K. MADHAVAN : എന്റെ അനുഭവം പറയുകയാണെങ്കിൽ മിക്കവാറും സ്ത്രീകൾക്ക് ഇതുണ്ടാകുമെന്നുള്ളതാണ്.

MISS ANNIE MASCARENE : ഡ്യൂട്ടി നേഴ്സസ് പലരും ഉണ്ടായിരിക്കുന്നതുകൊണ്ട് മാറിമാറി ഉദ്യോഗം നോക്കുന്നതിനു സൗകര്യം ഇല്ലേ?

HON'BLE MR. E. K. MADHAVAN : വളരെ നഴ്സുകൾ ഗവണ്മെൻറിന്റെ സർവീസിൽ ഇല്ലാത്തതുകൊണ്ടു അതിനു സാധിക്കുകയില്ല. അങ്ങനെ കൂടുതൽ നഴ്സുകൾ ഉണ്ടാകുമ്പോൾ ആ കാര്യത്തെപ്പറ്റി പരിഗണിക്കാവുന്നതാണ്.

MR. ABDUL AZIZ : ജഡ്ജികൾ മജിസ്ട്രേറുകൾ മുതലായവരിൽ ചിലർ സ്ത്രീകൾ ഉള്ളതു് ...

MR. PRESIDENT : That does not come in this question.

MR. PONNARA G. SREEDHAR (*Nedumangad II—General*) : അഞ്ചു വർഷക്കാലത്തേയ്ക്കു സ്ത്രീ നേഴ്സുകൾ വിവാഹം കഴിക്കുവാൻ പാടില്ലെന്നു പറഞ്ഞു. അതിൽ ചിലർ കഴിക്കുകയാണെങ്കിൽ അപ്പോൾ ഈ മാതിരി കുഴപ്പം ഉണ്ടായാൽ എന്തു ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. E. K. MADHAVAN : നാലു വർഷത്തേയ്ക്ക് അവരെ സ്റ്റൈഫൻറ് കൊടുത്തു പരിശീലനം നടത്തുന്നതുതന്നെ അതിനുശേഷം അഞ്ചുവർഷത്തേക്ക് അവർ വിവാഹം കഴിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥയിലാണ്.

MR. S. KUTTAN (*Neyyattinkara II—General*) : മെഡിക്കൽ ഡിപ്പാർട്ടുമെൻറിലല്ലാതെ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ജോലിക്കുന്ന സ്ത്രീകൾ വിവാഹം കഴിക്കുവാൻ പാടില്ലെന്നു നിയമം ഉണ്ടോ?

HON'BLE MR. E. K. MADHAVAN : അറിയാൻ പാടില്ല.

MRS DEVAKI GOPIDAS : നേഴ്സുകളെ വിവാഹം ചെയ്യാൻ അനുവദിക്കുന്നതായാൽ അവർക്കു സ്വഭാവശുദ്ധി കീപ്പുചെയ്യുകൊണ്ടു പോകുവാൻ സാധിക്കുമെന്നറിയാമോ?

HON'BLE MR. E. K. MADHAVAN : വിവാഹം കഴിച്ചാൽ മാത്രമേ സ്വഭാവശുദ്ധി കീപ്പുചെയ്യുകൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ എന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടില്ല.

MR. G. RAMACHANDRAN (*Neyyattinkara III—General*) : Will it not serve the purpose if these nurses are asked to take maternity leave when necessary instead of saying that no nurse can marry ?

HON'BLE MR. E. K. MADHAVAN : ഞാൻ മുമ്പു പറഞ്ഞ മറുപടി കേട്ടിരുന്നു എങ്കിൽ ഈ ചോദ്യം ഉണ്ടാകുകയില്ലായിരുന്നു. അതായതു ഗർഭം ഉണ്ടായി രണ്ടു മൂന്നു മാസം കഴിയുമ്പോഴേക്കും മാർണിങ്ങ് സിക്ക്നസു മുതലായ സുഖക്കേടുകൾ ഉണ്ടാകാറുള്ളതുകൊണ്ടു ഒമറേറർണിറ്റി ലീവ് കൊടുക്കുകയാണെങ്കിൽ മിക്കവാറും എല്ലാ ആണ്ടിലും എട്ടുപത്തു മാസം വീതം ലീവുകൊടുക്കേണ്ടിവരും.

MR. K. A. MATHEW : മറ്റു ഏതെങ്കിലും ഗവണ്മെൻറിൽ നേഴ്സുകൾ വിവാഹിതരാകാൻ പാടില്ലെന്നു നിർബന്ധമുള്ളതായറിയാമോ ?

HON'BLE MR. E. K. MADHAVAN : അനേഷിച്ചു പറയാവുന്നതാണ്.

MR. N. V. CHACKO : നേഴ്സുകൾ വിവാഹം കഴിക്കുകയാണെങ്കിൽ ശുശ്രൂഷയിൽ കൂടുതൽ താൽപ്പര്യം കാണിക്കുമെന്നറിയാമോ ?

HON'BLE MR. E. K. MADHAVAN : നേഴ്സുകൾ വിവാഹം കഴിക്കുകയാണെങ്കിൽ അവരുടെ ഭർത്താവിനേയും കുട്ടികളേയും ശുശ്രൂഷിക്കുന്നതിനു താൽപ്പര്യം കാണിച്ചേക്കാമെന്നല്ലാതെ രോഗികളേ ശുശ്രൂഷിക്കുന്നതിനു അവർ കൂടുതൽ താൽപ്പര്യം കാണിക്കുമോ എന്നറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU : അങ്ങനെയാണെങ്കിൽ ഗർഭം നിരോധിച്ചാൽ പോരേ ?

HON'BLE MR. E. K. MADHAVAN : മതിയാകും, പക്ഷെ അവക്ക് എത്രത്തോളം ആത്മസംയമനം ഉണ്ടായിരിക്കുമെന്നറിഞ്ഞുകൂടാ.

MR. G. RAMACHANDRAN : My question was whether it would not serve the purpose if a nurse is asked to take maternity leave at the necessary time. The answer is for all ten months the maternity leave will have to be given That proposition is not heard of any where.

Is there any other branch of the Government where such restriction is placed on females ?

MR. ABDUL AZIS : Such question was disallowed by the Chair.

MR. PRESIDENT : അതു ഈ ചോദ്യത്തിൽ വരുന്നതല്ല.

MR. EAPEN ARAKKAL : Are the Government aware that there is a real grievance on the part of the nurses on the cause of this restriction ?

HON'BLE MR. E. K. MADHAVAN : മെമ്പർ പറഞ്ഞാൽ വിശ്വസിക്കാം.

MR. EAPEN ARAKKAL : If I bring to the notice of the Minister will the Government do wnat is necessary ?

HON'BLE MR. E. K. MADHAVAN : നെഴ്സുകൾ അപേക്ഷിക്കുകയാണെങ്കിൽ അതെപ്പറ്റി ആലോചിക്കാം.

ഒമർഖയ്യാം പുസ്തകം.

* 51. MR. N. V. CHACKO : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃശ്ശിവപേരൂർ ഗുരുവിലാസം പ്രസ്സിൽ നിന്നു പ്രസിദ്ധീകരിച്ച 'കുസുമം' മലയാളത്തിൽ വിവർത്തനം ചെയ്തതായ ഫിറ്റ്സ് ജെറാൾഡിന്റെ 'ഒമർഖയ്യാം' എന്ന പുസ്തകത്തെപ്പറ്റി ഗവണ്മെൻറിനറിയാമോ?

(ബി) അതിന്റെ പ്രതികൾ സംസ്ഥാനത്തെ ഗവണ്മെൻറ് വക വിദ്യാഭ്യാസസ്ഥാപനങ്ങളിലും വായനശാലകളിലും, പുസ്തകശാലകളിലും ഗവണ്മെൻറ് വാങ്ങിക്കൊടുക്കുമോ?

HON'BLE MR. N. KUNJURAMAN : (a) No.

(b) This question does not arise in view of answer to part (a)

MR. N. V. CHACKO : അതിനെപ്പറ്റി അന്വേഷിക്കാമോ?

HON'BLE MR. N. KUNJURAMAN : അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly